പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **7355** **14. 07. 2014** - ലെ മറുപടി

<u>പ്രവാസിക്ഷേമത്തിന് ധനസഹായം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കായി എത്ര രൂപ പ്രവാസി ക്ഷേമ വകുപ്പ് മുഖേന നൽകുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സക്കായി നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതി വഴി 1605 പേർക്ക് 4,27,40,500/- രൂപയും കേരള പ്രവാസി കേരളീയ ക്ഷേമബോർഡിലെ 94 അംഗങ്ങൾക്ക് ക്ഷേമനിധിയിൽ നിന്ന് 12,59,494/- രൂപയും ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) മരണമടഞ്ഞ പ്രവാസികളുടെ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ വീതം സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, മരണമടഞ്ഞ 717 പ്രവാസികളുടെ ആശ്രിതർക്ക് നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതി വഴി 4,86,08,000/- രൂപയും കേരള പ്രവാസി കേരളീയ ക്ഷേമബോർഡിലെ 196 അംഗങ്ങളുടെ ആശ്രിതർക്ക് ക്ഷേമനിധിയിൽ നിന്ന് 60,30,165/- രൂപയും മരണാനന്തര സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) നോർക്ക ചെയർമാൻസ് ഫണ്ട് എത്ര ലക്ഷം രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നോർക്ക റൂട്ട്സിന്റെ ചെയർമാൻ ഫണ്ടിൽ നിന്ന് 759 പേർക്ക് 1,34,92,152/- രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ